## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 774** **29/10/2019 ൽ മറുപടിക്ക്**

**<u>ശബരിമല</u>**

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ലേലത്തിൽ പങ്കെടുക്കുന്നവർ ലേലതുകയ്ക്ക് ബാങ്ക് ഗ്യാരന്റി നൽകണമെന്നുള്ള നിബന്ധന നിലവിലുണ്ടോയെന്നും എങ്കിൽ അതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ; | (എ) | ശബരിമല മഹോത്സവങ്ങളോടനുബന്ധിച്ച് വിവിധ കുത്തകകൾ ലഭിക്കുന്നവർ അടയ്ക്കേണ്ടതായ തുകയുടെ ആദ്യ ഗഡു അടച്ച് ബാക്കി തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റി ഹാജരാക്കി ഉടമ്പടി വയ്ക്കണമെന്ന നിബന്ധന നിലവിലുണ്ട്. എന്നാൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ചില കുത്തകക്കാർ ബാങ്ക് ഗ്യാരന്റി ഹാജരാക്കാതിരുന്നതിനാൽ കുത്തക കുടിശ്ശിക ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വരുത്തുകയും അത് നിമിത്തം ദേവസ്വം ബോർഡിന് നഷ്ടമുണ്ടാകുകയും കുത്തകക്കാർക്കെതിരെ കേസ് ഫയൽ ചെയ്യേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തു.<br>ഈ സാഹചര്യമൊഴിവാക്കുന്നതിനായി തൻവർഷം ബാങ്ക് ഗ്യാരന്റി നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിലപാടിൽ പ്രതിഷേധിച്ച് മണ്ഡലകാലത്തെ വഴിപാടുകൾക്ക് ഉൾപ്പെടെയുള്ള ലേലത്തിൽ നിന്നും പിന്മാറുവാൻ കരാറുകാർ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ നിലപാടിനെതിരെ പ്രതിഷേധവുമായി ആരും വന്നിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിനെ പ്രസ്തുത തീരുമാനം കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളി വിട്ടുമെന്നതിനാൽ എന്ത് ബദൽ നടപടിയാണ് ബോർഡ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ലേല നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ബദൽ സംവിധാനത്തെപ്പറ്റി തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ